**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1981** | **17.12.2012-ൽ മറുപടിക്ക്.**

പോലീസ് സ്റ്റേഷനുകളിലെ സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(ബി) ഇവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | : (എ) & (ബി)<br>സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 'സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ' 01.09.2012 മുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൊതുജനങ്ങളിൽ നിന്ന് പരാതികളും, അപേക്ഷകളും സ്വീകരിക്കുക, ആവശ്യാനുസരണം മറ്റ് പോലീസ് സ്റ്റേഷനു-കളിലേയ്ക്കും, ഓഫീസുകളിലേയ്ക്കും തുടർ നടപടികൾക്കായി അയയ്ക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത് ; | : (സി) ഐ.സി.റ്റി.എനേബിൾഡ് ഹെൽപ്പ് ഡസ്ക്കുകൾ എന്നറിയപ്പെടുന്ന ഈ പദ്ധതിയുടെ സോഫ്റ്റ്‌വെയർ കേരള സംസ്ഥാന ഐ.ടി.മിഷൻ മുഖേനയാണ് തയ്യാറാക്കിയിട്ടുള്ളത്. |

(മറുപുറം)

| | |
|---|---|
| (ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ ഹെൽപ്പ് ഡെസ്കുകൾ വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | : (ഡി) ഈ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനിലേയ്ക്കും ഏത് പോലീസ് സ്റ്റേഷനിൽ നിന്നും പരാതി അയയ്ക്കാവുന്നതാണ്. കൂടാതെ പരാതികൾ സംസ്ഥാനത്തെ മറ്റ് ഏത് ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുക്കുവാനും പരാതിയിൽ സ്വീകരിച്ച നടപടികൾ പൊതുജനങ്ങൾക്ക് എവിടെനിന്നും ഇന്റർനെറ്റിലൂടെ അറിയാനുമുള്ള സംവിധാനം ഇതിലുണ്ട്. കൂടാതെ പോലീസ് സേനാംഗങ്ങൾക്ക് അവരുടെ അപേക്ഷയും മറ്റും ഓൺലൈനായി വിവിധ ഓഫീസുകളിലേയ്ക്ക് അയയ്ക്കുവാനും ഇതിലൂടെ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ